ശത്ത് പ്രോസ്പെക്ടിസിന് ലഭ്യമാക്കുന്നതിന് അപേക്ഷ നൽകിയിരുന്നു. ഇക്കാര്യത്തിൽ ഒരു തീരുമാനവുമെടുത്തിട്ടില്ല.

(ബി) സംസ്ഥാനത്ത് വൈരനിക്ഷേപം നാളിതുവരെ കണ്ടെത്തിയിട്ടില്ല. വിശദമായ പര്യവേക്ഷണം നടത്തി ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള സ്വർണ്ണ ഖനികൾ ലഭിക്കുമെന്ന് ഉറപ്പാക്കിയതിനുശേഷം മാത്രമേ സ്വർണ്ണ വിഭവശേഷി ചൂഷണം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയൂ.

കൈവശക്കാർക്ക് പട്ടയം നൽകാനുള്ള പട്ടയമേളകൾ

57 (2854) ശ്രീ. ജി. സുധാകരൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ മൂന്നാം വാർഷികം സംബന്ധിച്ച കേരളത്തിൽ പാവപ്പെട്ട കൈവശക്കാർക്ക് പട്ടയം നൽകാനുള്ള പട്ടയമേളകൾ സംഘടിപ്പിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(സി) പട്ടയങ്ങൾ അനുവദിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള താലൂക്ക് തല കമ്മിറ്റികൾ നാളിതുവരെ സംസ്ഥാനത്ത് എത്ര പട്ടയങ്ങൾ നൽകാൻ ശുപാർശ ചെയ്തിട്ടുണ്ട് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) മൂന്നു വർഷം കഴിഞ്ഞിട്ടും പട്ടയം ലഭിക്കാത്തവർക്കെല്ലാം പട്ടയ വിതരണം ചെയ്യാൻ സ്വീകരിക്കുന്ന സമയബന്ധിത പരിപാടി വിശദീകരിക്കുമോ;

(ഇ) കനാൽ പുറംപോക്കുകളിൽ താമസിക്കുന്ന പതിനായിരക്കണക്കിന് ആൾക്കാർക്ക് പട്ടക്കം നൽകിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽ ഉണ്ടോ;

(എഫ്)ഉണ്ടെങ്കിൽ ഇതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ജി) കനാൽ പുറംപോക്കുകളിൽ താമസിക്കുന്നവർക്ക് കൂടി പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. 24.5.1999-ൽ കാസർഗോഡ് ജില്ലയിൽ പട്ടയമേള നടത്തുകയുണ്ടായി. പത്തനംതിട്ട ജില്ലയിൽ തിരുവല്ലാ താലൂക്കിലും പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിലും പട്ടയമേള നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പട്ടയമേളകൾ സംഘടിപ്പിക്കുന്നതാണ്.

(സി) ഉണ്ട്, തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, കോഴിക്കോട് എന്നീ ജില്ലകൾ ഒഴിച്ചുള്ള ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

കൊല്ലം - 1472

LIBRARY ARCHIVES Kerala Legislative Assembly

പത്തനംതിട്ട	-	2098
കോട്ടയം	-	503
എറണാകുളം	-	930
തൃശ്ശൂർ	-	496
പാലക്കാട്	-	282
വയനാട്	-	277
മലപ്പുറം	-	12
കണ്ണൂർ	-	66
കാസർഗോഡ്	-	3239
		9375

(ഡി) നിലവിലുള്ള എല്ലാ പതിവ് അപേക്ഷകളും 31.12.1999 നു മുമ്പ് തീർപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ)-(ജി) നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് കനാൽ പുറംപോക്കുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. അത്തരം പുറമ്പോക്കുകൾ പതിച്ചുനൽകുന്നതിന് വ്യവസ്ഥയില്ല.

പാട്ടഭൂമി

58 (2855)ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വക അനേകം ഏക്കർ ഭൂമി വളരെ കുറഞ്ഞ പാട്ട നിരക്കിൽ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പാട്ടത്തിന് നൽകിക്കൊണ്ടിരിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഭൂമികളുടെ പാട്ടം സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ്; ജില്ലാടിസ്ഥാനത്തിൽ പാട്ടത്തിനു നൽകിയിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണവും ഈടാക്കുന്ന പാട്ടവും വ്യക്തമാക്കുമോ;

(ഡി) പാട്ടവ്യവസ്ഥ പുതുക്കാതെ അവ സർക്കാരിലേക്ക് ഒഴിപ്പിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ)&(ബി) 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും 1995 ലെ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവുചട്ടങ്ങൾ പ്രകാരവുമുള്ള നിരക്കനുസരിച്ചാണ്. സർക്കാർ ഭൂമി പാട്ടത്തിനു നൽകി വരുന്നത്.

(സി) പാട്ടത്തുക വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. പാട്ടത്തിനു നൽകിയിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണവും ഈടാക്കുന്ന പാട്ടവും സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly